# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038, KERALA

PHONE 8499 8234

വാല്യം 5 | 1988 മാർച്ച് 12 | ലക്കം 8


## വെല്ലൂർ പ്രവേശനം

വെല്ലൂർ മെഡിക്കൽ കോളേജിൽ എം. ബി. ബി. എസ്സ് പാരാമെഡിക്കൽ കോഴ്സുകളിലേക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ ശുപാർശയോടുകൂടി പ്രവേശനം ആഗ്രഹിക്കുന്നവർ, Vellore Sponsoring Committe, C/o Orthodox Students Centre Kottayam-686 001 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

സഭാവക ആശുപത്രികളിൽ നിന്നും ശുപാർശ ചെയ്യുന്നവർക്കുമാത്രമേ പാരാമെഡിക്കൽ കോഴ്സുകൾക്ക് സ്പോൺസറിംഗ് ലഭിക്കുകയുള്ളു.

12000 രൂപയിൽ കുറവു വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് അഡ്മിഷനു കൂടുതൽ സാധ്യതകളുണ്ട്. അഡ്മിഷൻ കിട്ടിയാൽ അവർ വെല്ലൂരിൽ നിന്നുള്ള പൂർണ്ണ സ്കോളർഷിപ്പിന് അർഹരാണ്. സ്പോൺസർ ഫോമിനോടൊപ്പം തന്നെ അവരുടെ വരുമാന സർട്ടിഫിക്കറ്റും വച്ചിരിക്കണം. സ്റ്റുഡൻറ് സെൻററിലേക്കുള്ള പൂരിപ്പിച്ച അപേക്ഷകൾ മെയ് ഒന്നിനകം അയച്ചിരിക്കണം.

എം. ബി. ബി. എസിനു 35 രൂപയുടെയും പാരാമെഡിക്കൽ കോഴ്സുകളിലേക്ക് 25 രൂപയുടെയും ഡ്രാഫ്റ്റുകൾ Registrar Christianmedical College, Bagayam, vellore -632 002 എന്ന വിലാസത്തിൽഅയച്ചാൽ, വെല്ലൂർ മെഡിക്കൽകോളേജിൽ നിന്നുള്ള അപേക്ഷ ലഭിക്കും. State Bank of India, Bagayam Branch ലേക്കോ Central Bank of India, Vellore ലേക്കോ എടുക്കുന്ന Draftകൾ മാത്രമേ കോളേജ് സ്വീകരിക്കുകയുള്ളൂ. ("CMC Vellore Association Account")

ബി. എസ്. സി. നേഴ്സിംഗിനു അപേക്ഷ അയക്കേണ്ട സമയമായിട്ടുണ്ടെങ്കിലും അതേപറ്റി കൂടുതൽ വിവരങ്ങൾ വെല്ലൂരിൽ നിന്നും ലഭിച്ചിട്ടില്ല. principal, school of nursing CMC, vellore മായി ബന്ധപ്പെടുക.

സ്പോൺസർ ഫോം 10 രൂപയ്ക്കു കോട്ടയം സ്റ്റുഡൻറ് സെൻററിൽ ലഭിക്കുന്നതാണ്,



മാർ ഡയനീഷ്യസ് ഹോം പ. ബാവാ ഉദ്ഘാടനം ചെയ്യുന്നു. വൈദിക ട്രസ്റ്റി ഫാ. മത്തായി നൂറനാൽ, എൻ. എം. വർഗ്ഗീസ്, ഡോ. എൻ. എം. മത്തായി, മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, ഫാ. കെ. സി. സഖറിയാ, ഡീ. പീ. ജെ. ജോസഫ്, പ്രൊഫ. പി. സി. ഏലിയാസ് എന്നിവരാണ് സമീപം.

# വട്ടശേരിൽ ദിവന്നാസ്യോസ് ആധുനിക മോശ: പ. ബാവാ

പ്രത്യേക ലേഖകൻ

മൂവാറ്റുപുഴ: സഭാ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയ ആധുനിക മോശയാണ് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെന്നു് പരിശുദ്ധ ബസ്സേലിയോസ് മത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പ്രസ്താവിച്ചു.

അങ്കമാലി ഭദ്രാസനത്തിലെ മുടവൂർ മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെൻററിൻെറ ആഭിമുഖ്യത്തിൽ പണികഴിപ്പിച്ച വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് ഹോം ഉദ്ഘാടനം ചെയ്തുകൊണ്ടു് പ്രസംഗിക്കുകയായിരുന്നു പ. ബാവാ.

അംഗവൈകല്യം വന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ളതാണ് ഈ സ്ഥാപനം. ഇതു് വട്ടശ്ശേരിൽ മെത്രാച്ചൻെറ നാമത്തിലാണ് ആരംഭിച്ചിട്ടുള്ളതു് എന്നതു് ഏററം ശ്രദ്ധയർഹിക്കുന്നു. അദ്ദേഹം അഭിമുഖീകരിക്കുകയും അതിജീവിക്കുകയും ചെയ്ത പരീക്ഷണങ്ങളെക്കുറിച്ചും സഹിച്ച കഷ്ടപ്പാടുകളെക്കുറിച്ചും അറിയുമ്പോൾ മാത്രമെ ആ വന്ദ്യപിതാവിൻെറ മഹത്വം നമുക്കു മനസ്സിലാകൂ! പ. ബാവാ തുടർന്നു.

വട്ടശ്ശേരിൽ മെത്രാച്ചൻ തെളിച്ച മാർഗ്ഗത്തിലൂടെ പ്രശ്നങ്ങളുടെയും പ്രതിബന്ധങ്ങളുടെയും കാടും കടലും മലയും മരുഭൂമിയും തരണം ചെയ്തു് ഈ സഭയെ മുന്നോട്ടു നയിക്കുകയാണ് നമ്മുടെ കർത്തവ്യം. ആ കടമ നിറവേററുന്നതിനു് ഇങ്ങനെയുള്ള സ്ഥാപനങ്ങൾ ആവശ്യമാണ്. പ. ബാവാ എടുത്തു പറഞ്ഞു.

മുടവൂർ കാതോലിക്കേററ് സെൻററും ഡയനീഷ്യസ് ഹോമും നാടിനും നാട്ടുകാർക്കും അനുഗ്രഹത്തിനായും മലങ്കര സഭയ്ക്കു് അഭിമാനത്തിനായും ഭവിക്കട്ടെ! പ. ബാവാ. ആശംസിച്ചു.

ചടങ്ങിൽ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

വൈദിക ട്രസ്റ്റി ഫാ. മത്തായി നൂറനാൽ, എം. എൽ. എ, ഡോ. എ. വി. ഐസക്ക്, ഡോ. പി. ഐ. മോഹൻ, പി. സി. പെറിയാൻ പടിഞ്ഞാറേക്കര, ഡോ. മെറീനാ രാജൻ, പി. വി. ഇബ്രാഹീം, അഡ്വ. സദാശിവൻ നായർ, വി. ജോൺ, പ്രൊഫ. പി. സി. ഏലിയാസ് എന്നിവർ പ്രസംഗിച്ചു.

ഫാ. കെ. സി. സഖറിയാ റിപ്പോർട്ടു് അവതരിപ്പിച്ചു. ഡോ. എൻ. എം. മത്തായി സ്വാഗതവും ഡോ. എൻ. എം. വർഗീസ് കൃതജ്ഞതയും പറഞ്ഞു.

അഞ്ചുലക്ഷം രൂപയാണ് ഈ സ്ഥാപനത്തിൻെറ നിർമ്മാണത്തിനു് ചിലവായിട്ടുള്ളതു്. വികലാംഗരായ 6 സ്ത്രീകളെ ഇവിടെ പ്രവേശിപ്പിച്ചു കഴിഞ്ഞു.

## ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികം

മാന്നാർ മർത്തമറിയം പള്ളി ഇടവകയിലെ സൺഡേസ്കൂൾ, മർത്തമറിയം വനിതാസമാജം, പ്രാർത്ഥനായോഗങ്ങൾ എന്നിവയുടെ സംയുക്ത വാർഷിക സമ്മേളനം വികാരി ഫാ. സഖറിയ കളപ്പുരയ്ക്കലിൻെറ അദ്ധ്യക്ഷതയിൽ പാരിഷ് ഹാളിൽനടന്നു. ഡീക്കൻ കെ. എ. വറുഗീസ്, കെ. സി. സഖറിയ, ചിന്നമ്മ ചാക്കോ, എന്നിവർ പ്രസംഗിച്ചു

## തണ്ണിത്തോട്ടപള്ളിയിൽ വിദ്യാർത്ഥി പ്രസ്ഥാനം സമ്മേളനം

വിദ്യാർത്ഥി പ്രസ്ഥാനം മേഖലാ സമ്മേളനം തണ്ണിത്തോട് സെൻറ് ആൻറണീസ് പള്ളിയിൽ നടന്നു. ഫാ. തോമസ് ജോണിൻെറ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ഫാ. തോമസ് കര്യൻ, ഡീക്കൻ തോമസ് പോൾ, കെ. സി. സഖറിയ എന്നിവർ പ്രസംഗിച്ചു.

# മലങ്കരഓർത്തഡോക്സ് സഭയിൽ വിശുദ്ധ മൂറോൻ കൂദാശ

വലിയ നോമ്പിലെ 40–ാം വെള്ളിയാഴ്ച (മാർച്ച് 25–ാം തീയതി) പ. കാതോലിക്കാബാവായുടെ ആസ്ഥാനമായ കോട്ടയം ദേവലോകം അരമന ചാപ്പലിൽ, രാവിലെ 7 മണിക്ക് ആരംഭിച്ച് 6 മണിക്കൂറുകളോളം ദീർഘിക്കുന്ന ഈ വിശുദ്ധ കൂദാശ നിർവ്വഹിക്കപ്പെടുന്നു. വി. മാമ്മോദീസാ, പള്ളി കൂദാശ എന്നിവയ്ക്കു് ഉപയോഗിക്കുന്ന വി. മൂറോൻ (വി. തൈലം) പാത്രിയർക്കീസ്, കാതോലിക്കാ എന്നീ സഭാദ്ധ്യക്ഷന്മാരാൽ മാത്രമേ കൂദാശ ചെയ്യപ്പെടുന്നുള്ളൂ. സഭയിലെ എല്ലാ വൈദീക ഗണങ്ങളും ചേർന്നുള്ള പ്രാർത്ഥനാനിർഭരമായ ഈ വി. കർമ്മത്തിൽ ഭക്തജനങ്ങൾക്ക് സൗകര്യമായി സംബന്ധിക്കത്തക്ക ക്രമീകരണങ്ങൾ നടന്നുവരുന്നു. ഇപ്പോഴത്തെ പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു് ഇതിനുമുമ്പ് 1977–ൽ ഈ വിശുദ്ധ കൂദാശ നടത്തിയിട്ടുണ്ടു്.

